# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3230 — 18.10.2016- ൽ മറുപടിക്ക്

## സാമ്പത്തിക വികസനത്തിന് സഹകരണ മേഖലയെ പ്രാപ്തമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. ബി.ഡി.ദേവസ്സി<br>" ആന്റണി ജോൺ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് കുതിപ്പേകാൻ ഉതകുന്ന തരത്തിൽ സഹകരണ മേഖലയെ പ്രാപ്തമാക്കാൻ നടപടി ഉണ്ടാകുമോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ ബാങ്കുകളുടെ ഒരു അപ്പക്സ് സ്ഥാപനമായി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനും അതുവഴി ധനനിക്ഷേപങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിനും തീരുമാനമായിട്ടുണ്ട്. സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിങ്ങിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. ഗ്രാമീണ കാർഷിക സമ്പദ്-വ്യവസ്ഥയുടെ വികസനം ലക്ഷ്യമിട്ട് സംയോജിത സഹകരണ വികസന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കി വരുന്നു വിവിധ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായി ഓരോ വർഷവും പദ്ധതി വിഹിതത്തിൽ തുക വകയിരുത്തി വിനിയോഗിച്ചു വരുന്നു. |
| ബി) | സഹകരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തി വൻതോതിൽ തൊഴിലവസരം സൃഷ്ടിക്കാൻ ആലോചനയുണ്ടോ; എങ്കിൽ അത് ഏത് തരത്തിലെന്ന് അറിയിക്കുമോ; | (ബി) | നന്നായി പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക, സേവന, ചെറുകിട വ്യവസായ മേഖലകളിലായി അനുബന്ധ യൂണിറ്റുകൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സി) കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ സബ്സിഡി കാലവിളംബം കൂടാതെ സഹകരണ സംഘങ്ങൾക്ക് നൽകാനും നിർമ്മാണ മേഖലയിൽ നൽകുന്ന വായ്പയ്ക്ക് കൂടി പലിശ സബ്സിഡി നൽകാനും തയ്യാറാകുമോ?

(സി) കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ സബ്സിഡി കാലവിളംബം കൂടാതെ സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിർമ്മാണ മേഖലയിൽ നൽകുന്ന വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ